<u>നമ്പർ എഇ(2) 562/2012</u>

**കേരള സർക്കാർ**
**കൃഷി വകുപ്പ്**

## ലഘു ദർഘാസ് പരസ്യം

കേരള ഗവർണർക്കു വേണ്ടി മലപ്പുറം കൃഷി അസിസ്റ്റൻറ് എക്സിക്യൂട്ടിവ് എഞ്ചിനീയർ, താഴെ വിവരിക്കുന്ന കാർഷിക യന്ത്രങ്ങൾ മലപ്പുറം ജില്ലയിലെ മുണ്ടേരി സീഡ് ഗാർഡൻ കോംപ്ലക്സിൽ വിതരണം ചെയ്യുന്നതിനായി നിശ്ചിത യോഗ്യതയുള്ള മെഷിനറി നിർമ്മാതാക്കൾ/ അംഗീകൃത ഡീലർമാർ എന്നിവരിൽ നിന്ന് മത്സര സ്വഭാവമുള്ള ദർഘാസുകൾ ക്ഷണിച്ചുകൊള്ളുന്നു.

| ക്രമ നമ്പർ | വിതരണം ചെയ്യേണ്ട കാർഷിക യന്ത്രങ്ങൾ | ഏകദേശ എണ്ണം | ടെണ്ടർ ഫോറം വില | നിരത ദ്രവ്യം | കാലാവധി |
|---|---|---|---|---|---|
| 1 | ചെയിൻസോ | 1 | 300+ നികുതി. | ക്വാട്ട് ചെയ്യുന്ന തുകയുടെ 1% | 1 മാസം |
| 2 | വീഡ് കട്ടർ / ബുഷ് കട്ടർ. | 2 | 300+ നികുതി. | -do- | -do- |

ദർഘാസുകൾ ലഭിക്കുന്ന അവസാന തീയതി: - 01.03.2013 ഉച്ചയ്ക്ക് 1 മണി വരെ.
ദർഘാസുകൾ സ്വീകരിക്കുന്ന അവസാന തീയതി - 01.03.2013 ഉച്ചയ്ക്ക് 2.30 മണി വരെ.
ദർഘാസുകൾ തുറക്കുന്ന സമയം - 01.03.2013 വൈകുന്നേരം 3.30.

മേൽ വിവരിച്ച രണ്ട് ഇനങ്ങളും പ്രത്യേകം ക്വാട്ട് ചെയ്യേണ്ടതാണ്. യന്ത്രസാമഗ്രികളുടെ വിശദാംശങ്ങൾ, സ്പെസിഫിക്കേഷൻ എന്നിവ ടെണ്ടർ രേഖകൾക്കൊപ്പം ലഭിക്കുന്നതാണ്. കൃഷി അസിസ്റ്റൻറ് എക്സിക്യൂട്ടിവ് എഞ്ചിനീയർ നിർദ്ദേശിക്കുന്നതനുസരിച്ച് ഈ യന്ത്രസാമഗ്രികൾ വിതരണം ചെയ്യേണ്ടതാണ്.

ദർഘാസ് പ്രമാണങ്ങളും മറ്റു വിവരങ്ങളും താഴെ ഒപ്പു വെച്ച ഉദ്യോഗസ്ഥൻെറ കാര്യാലയത്തിൽ നിന്നും **2013** മാർച്ച് **1** ഉച്ചയ്ക്ക് **1** മണിവരെ എല്ലാ പ്രവർത്തി ദിവസങ്ങളിലും ലഭിക്കുന്നതാണ്. ദർഘാസ് പ്രമാണത്തിൻെറ വില പണമായോ, മണയോർഡറായോ അടച്ച് രേഖാമൂലം ആവശ്യപ്പെട്ടാൽ ദർഘാസ് ഫോറങ്ങൾ ലഭിക്കുന്നതാണ്. ദർഘാസ് പ്രമാണത്തിൻെറ തുക യാതൊരു കാരണവശാലും മടക്കിക്കൊടുക്കുന്നതല്ല.

അംഗീകൃത ബാങ്കിൽ നിന്നും അസിസ്റ്റൻറ് എക്സിക്യൂട്ടിവ് എഞ്ചിനീയർ (കൃഷി) മലപ്പുറം, അസിസ്റ്റൻറ് എക്സിക്യൂട്ടിവ് എഞ്ചിനീയർ (കൃഷി) ഓഫീസ്, ആനക്കയം എന്ന പേരിൽ അടച്ച നിശ്ചിത തുകയുടെ ബാങ്ക് ഡ്രാഫ്റ്റ്/ ഏണസ്റ്റ് മണി ഡെപ്പോസിറ്റ് ദർഘാസിനോടൊപ്പം നിരതദ്രവ്യമായി സമർപ്പിക്കേണ്ടതാണ്. ദർഘാസ് ഫോറങ്ങളോടൊപ്പം 100 രൂപ മുദ്രപത്രത്തിൽ നിശ്ചിത മാതൃകയിലുള്ള പ്രാഥമിക കരാറുടമ്പടി കൂടി സമർപ്പിക്കണം. ദർഘാസുകളെ സംബന്ധിച്ചുള്ള എല്ലാ സർക്കാർ നിബന്ധനകളും ഇതിനും ബാധകമായിരിക്കും. ഏതെങ്കിലും കാരണവശാൽ ടെണ്ടർ തുറക്കുന്ന തീയതിയിൽ പൊതു അവധി പ്രഖ്യാപിക്കപ്പെട്ടാൽ തൊട്ടടുത്ത പ്രവൃത്തി ദിവസത്തേയ്ക്ക് മാറ്റി വെയ്ക്കുന്നതായിരിക്കും.

**അസിസ്റ്റൻറ് എക്സിക്യൂട്ടിവ് എഞ്ചിനീയർ (കൃഷി)**
**കേരളാ ഗവർണ്ണർക്കു വേണ്ടി.**

OFFICE OF THE ASSISTANT EXECUTIVE ENGINEER

**കൃഷി അസിസ്റ്റൻറ് എക്സിക്യൂട്ടിവ് എഞ്ചിനീയർ,**
**അസിസ്റ്റൻറ് എക്സിക്യൂട്ടിവ് എഞ്ചിനീയർ (കൃഷി) ഓഫീസ്**
**ആനക്കയം. പി.ഒ., മലപ്പുറം.**
**തീയതി: 22.01.2013**